**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 07/10/2016**

**(05 Muharram 1438 Hijri)**

**Hazrat Khalifathullah Munir Ahmad Azim (A)**

# THE PURIFIED HEART/ ശുദ്ധഹൃദയം

സലാമിന് ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ് സൂറഃ അൽ ഫാത്തിഹ ഓതിയ ശേഷം **ശുദ്ധഹൃദയം** എന്ന വിഷയത്തെ ആസ്പദമാക്കി ജും ആ ഖുത്തുബ ആരംഭിച്ചു. **ധനമോ മക്കളോ പ്രയോജനപ്പെടാത്ത നാളിൽ പക്ഷേ, സുരക്ഷിത ഹൃദയത്തോടു കൂടി അല്ലാഹുവിന്റെയടുക്കൽ ചെന്നവർ മാത്രം (രക്ഷ പ്രാപിക്കും) (26:89 – 90)** വിധി നാളിൽ മനുഷ്യന് ഗുണം ചെയ്യുന്നത് അവന്റെ ശുദ്ധഹൃദയം മാത്രമായിരിക്കും ശുദ്ധ ഹൃദയം എന്നതുകൊണ്ടർത്ഥമാക്കുന്നതു്, ദൈവവും അവന്റെ പ്രവാചകന്മാരും പഠിപ്പിച്ചതനുസരിച്ചുള്ള വിശ്വാസം പുലർത്തുന്ന ഹൃദയം. അത്തരം ഹൃദയം എല്ലാവിധ അഴുക്കുകളിൽ നിന്നും മുക്തമായിരിക്കും. ഞാൻ നിങ്ങളോടു പറഞ്ഞുകൊണ്ടിരിക്കുന്നതുപോലെ, അനുസരണമില്ലായ്മയുൾപ്പടെ മറ്റെല്ലാവിധ അഴുക്കുകളിൽ നിന്നും സംശുദ്ധമായിരിക്കും. എന്നാൽ ദൈവഭയത്താൽ ഹൃദയത്തെ ഉത്തേജിപ്പിക്കുമ്പോൾ, ഈ പ്രലോഭനങ്ങനെ തടുക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ അത്തരം ഭയഭക്തിയുടെ അസാന്നിധ്യത്തിൽ, ഹൃദയം നാശത്തിലകപ്പെടുകയും , തന്റെ സൃഷ്ടാവിനെ ധിക്കരിക്കുവാൻ വ്യക്തിയെ തള്ളിവിടുകയും ചെയ്യുന്നു.

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. പ്രലോഭനങ്ങൾ മാനവഹൃദയങ്ങളിൽ സമർപ്പിക്കപ്പെടുന്നു, ഇഴകൾ ചേർത്ത് നെയ്തുണ്ടാക്കുന്ന കയറ്റുപായ് പോലെ ! ഏതൊരു ഹൃദയമാണോ ഇവ നിറയ്ക്കപ്പെടുന്നത് ആ ഹൃദയത്തിൽ ഒരു കറുത്തപുള്ളി ഉണ്ടാകുന്നു. എന്നാൽ ഏതൊരു ഹൃദയമാണോ അതിനെ തിരസ്കരിക്കുന്നത്, അത്തരം ഹൃദയങ്ങളിൽ ഒരു വെളുത്തപുള്ളി ഉണ്ടാകുന്നു. അതിന്റെ ഫലമായി, രണ്ടുതരം ഹൃദയങ്ങൾ ഉണ്ടായി തീരുന്നു. ഒന്ന് വെളുത്തത്, ഒരു വെള്ളക്കല്ലു പോലെ ! ആ ഹൃദയത്തിൽ ഒരു രീതിയലുള്ള കുഴപ്പവും അഥവാ പ്രലോഭനങ്ങളും ബാധിക്കുന്നതല്ല. ആകാശവും ഭൂമിയും നിലനില്ക്കുവോളം ! മറ്റേ ഹൃദയം കറുത്തതും പൊടി നിറഞ്ഞതുമായ ഒരു പാത്രംപോലെ ! കീഴ്മേൽ മറിച്ചിട്ടതുപോലെ ! അത് നല്ലതൊന്നും അംഗീകരിക്കില്ല അഥവാ വെറുപ്പുവരുത്തുന്നതിനെ നിരസ്ക്കരിക്കുകയുമില്ല. മറിച്ച് ഇഛകളാൽ നിറച്ചതായിരിക്കും ! (മുസ്‌ലിം)

ഈ ലോകത്തിലെ പ്രലോഭനങ്ങൾക്കും വഞ്ചനകൾക്കുമെതിരിൽ നിർഭയമായപോരാട്ടം തന്റെ ജീവിതത്തിലുട നീളം മാനവർ നിർബന്ധമായും നടത്തേണ്ടി വരും. ഈ ലക്ഷ്യം നേടുന്നതിന് പ്രാർത്ഥനയിലൂടെ അവൻ സ്വയം ശക്തി ആർജ്ജിക്കേണ്ടതായിട്ടുണ്ട്. മനുഷ്യനെ വഴിതെറ്റിക്കുവാനും നശിപ്പിക്കുവാനും അവന്റെ ഹൃദയത്തിൽ വിഷം കുത്തിവെയ്ക്കുവാനും സാത്താൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നതാണ്.

ദൈവസ്മരണ വിട്ട് കഴിയുന്ന മനസ്സുകളിൽ സാത്താൻ കുടിയേറിപ്പാർക്കുന്നു. അവിടെ അവൻ ആധിപത്യം സ്ഥാപിക്കുന്നു. ദുർബോധനങ്ങൾ നല്കുന്നു. ദൈവസ്മരണയിലേക്ക് വ്യക്തി പ്രവേശിച്ചാലുടൻ, സാത്താൻ അപമാനത്തോടെ പിൻവാങ്ങുന്നു. ഹൃദയം രണ്ടുരീതിയിലുള്ള ബോധനങ്ങളുടെ ഇരിപ്പിടമാണെന്ന വസ്തുത നാമൊരിക്കലും കാണാതിരിക്കരുത്. ഒന്ന്, നാം നേരത്തെ സൂചിപ്പിട്ടുള്ളതുപോലെ, സാത്താനിൽ നിന്ന് വരുന്ന ചിന്തകൾ, അത് ദൈവത്തെ അനുസരിക്കാതിരുക്കുവാനുള്ള ജല്പനങ്ങൾ നല്കികൊണ്ടിരിക്കും. നിഷിദ്ധമായ ഇഛകൾ പൂർത്തീകരിച്ചു തൃപ്തിയടയുവാനുള്ള പ്രേരണ നല്കിക്കൊണ്ടിരിക്കും ! രണ്ടാമത്തേത്, ദൈവം ഒരു മാലാഖയെ ഓരോ മനുഷ്യനിലും നിശ്ചിയിച്ചിട്ടുണ്ടാകും. അത് ഓരോ മനുഷ്യനെയും നന്മ പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കും.

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. രണ്ട് ബോധനങ്ങൾ (അഥവാ ജല്പനങ്ങൾ) ഹൃദയത്തിൽ എഴുന്നേല്ക്കന്നതാണ്. അതിൽ ഒന്ന് മാലാഖയിൽ നിന്നുള്ളതാണ്. അത് നന്മചെയ്യുവാൻ പ്രേരിപ്പിക്കുന്നു. സത്യത്തിൽ വിശ്വസിക്കുവാനുള്ള സന്നദ്ധതയ്ക്ക് ആക്കം കൂട്ടുന്നു. ഇത് അനുഭവപ്പെടുന്നവർ, മനസ്സിലാക്കട്ടെ, ഇത് അല്ലാഹുവിൽ നിന്നുള്ളതാണെന്ന്, ! അവൻ അല്ലാഹുവിനെ സ്തുതിച്ചു കൊള്ളട്ടെ! രണ്ടാമത്തേത് വരുന്നത് ശത്രുവിൽ നിന്നുമാണ് അത് തിന്മയെ ഉത്തേജിപ്പിക്കുന്നു. സത്യത്തെ നിരാകരിക്കുന്നു. നന്മയിൽ നിന്നും മനുഷ്യനെ വഴിതിരിച്ചുവിടുന്നു. ഇത് അനുഭവപ്പെടുന്നവർ, ശപിക്കപ്പെട്ട സാത്താന്റെ പിടിയിൽ നിന്നും ദൈവത്തോട് കേണപക്ഷിക്കേണ്ടതാണ് (തിർമിദി)

പ്രസംഗം അവസാനിപ്പിക്കുന്നതിന് മുൻപ് ഈ വിഷയം സംബന്ധമായി ഏതാനും ഖുർആനിക വചനങ്ങളും പ്രവാചകൻ (സ) യുടെ വചനങ്ങളും കേൾപ്പിക്കുകയാണ്.

**ഖുർആൻ**

**അവർ സ്പഷ്ടമായ വഴികേടിലത്രെ (39:23) അപ്പോൾ തന്റെ സ്വേച്ഛയെ ദൈവമാക്കുകയും അല്ലാഹു (തന്റെ) അറിവിന്റെ അടിസ്ഥാനത്തിൽ വഴിപിഴച്ചവനാണെന്ന് വിധിക്കുകയും അവന്റെ ചെവിക്കും ഹൃദയത്തിനും മുദ്രവെയ്ക്കുകയും അവന്റെ കണ്ണിൻമേൽ ഒരു മറയിടുകയും ചെയ്തവനെ നീ കണ്ടിട്ടുണ്ടോ ? എന്നാൽ അല്ലാഹുവിന്നെതിരിൽ ആരാണവനെ നേർവഴിയിലാക്കുക? അപ്പോൾ നിങ്ങൾ കാര്യം ഗ്രഹിക്കുന്നില്ലേ ? (45:24) (അവരത്രെ) വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ (13 : 29)**

**പ്രവാചക വചനം**

ആദം സന്തതികളുടെ ഹൃദയത്തിൽ പിശാച് പ്രലോഭനങ്ങളാലും വഞ്ചനകളാലും) മറയിട്ടില്ലായിരുന്നുവെങ്കിൽ, അവർ സ്വർഗ്ഗരാജ്യം ദർശിക്കുമായിരുന്നു (അഹ്മദ്)

മനുഷ്യരിൽ ഒരു മാംസക്കഷണമുണ്ട് അത് നന്നായാൽ മുഴുവൻ ശരീരവും നന്നായിതീരുന്നതാണ്. അത് ചീത്തയായാൽ മുഴു ശരീരവും ചീത്തയാകുന്നതാണ്. അറിയുക ആ മാംസ കഷണം ഹൃദയമാകുന്നു. (ബുഖാരി)

ഭൗതികവും ആത്മീയവുമായ എല്ലാവിധ രോഗങ്ങളിൽ നിന്നും അല്ലാഹു നമ്മുടെ ഹൃദയത്തെ സംരക്ഷിക്കട്ടെ! അറിയണം ഹൃദയത്തിന്റെ ആത്മീയ മരണം മറ്റേതൊരു രോഗത്തെക്കാളും ഗൗരവതരമാണ്. ആയതിനാൽ പ്രാർത്ഥയിലൂടെയും സഹനതയിലൂടെയും, നമുക്ക്, നമ്മുടെ ഹൃദയത്തെ നന്നാക്കിത്തീർക്കുവാൻ കഠിനമായിയത്നിക്കാം. അതിന് ഒരു പോറലുമേല്ക്കാതിരിക്കട്ടെ! ഇൻശാഅല്ലാഹ്! ആമീൻ.


**Translated by:**
**R. Jamaluddin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**